***റിപ്പോർട്ട് നമ്പർ***: 1.1 *(80-ാമത് ഭരണസമിതി യോഗത്തിന്റെ നടപടിക്രമം)*

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## മിനിറ്റ്സ്, 80-ാമത് ഭരണസമിതി യോഗം

തീയ്യതി : **30** നവംബർ **2022**, സമയം : രാവിലെ **10.30** മണി
വേദി: കോഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/202/2022)

***ഹാജരായ അംഗങ്ങൾ:***

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. അഡ്വ. ടി. സിദ്ദിക് - എം.എൽ.എ. (എം.എൽ.എ പ്രതിനിധി)
3. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
4. ഡോ. സജിത്ത് പുരുഷോത്തമൻ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
5. ഡോ. ലീബ ചാക്കോ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
6. ശ്രീ. തോമസ്. കെ.കെ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
7. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

***സാന്നിധ്യം:***

1. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
2. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
3. ശ്രീമതി. ഷൈല. പി.എസ്., സർവ്വകലാശാലാ ലോ ഓഫീസർ
4. ശ്രീമതി. അമ്പിളി. എസ്.എസ്., അസി. ഫിനാൻസ് ഓഫീസർ

യോഗം 11.00 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന്, അടുത്ത കാലത്ത് സർവ്വകലാശാലക്ക് ലഭിച്ച പ്രധാന നേട്ടങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- കേരള വെറ്ററിനറി സയൻസ് കോൺഗ്രസ് സി.വി.എ.എസ് മണ്ണുത്തിയിൽ നവംബർ 12, 13 തീയ്യതിയിൽ വെച്ച് ബഹുമാനപ്പെട്ട മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു.
- കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ, & എൻ.സി.എ റിക്രൂട്ട്മെന്റ് എന്നിവ ഒക്ടോബർ 13-10-2022, 14-10-2022 എന്നീ തീയ്യതികളിൽ നടന്നു.
- നവംബർ 19 ന് മണ്ണുത്തിയിൽ അത്യാധുനിക യന്ത്രവത്കൃത സംവിധാനങ്ങൾ തീറ്റ നിർമ്മാണ, പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ ഉദ്ഘാടനവും വളർത്തു

നായ്ക്കൾക്കുള്ള തീറ്റയുടെ സമർപ്പണവും സർവ്വകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും ബഹുമാനപ്പെട്ട മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു. ബഹു. സംസ്ഥാന റവന്യൂ-ഭവന ഭൂപരിഷ്കരണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജൻ ചടങ്ങിൽ സംബന്ധിച്ചു.

- സി.ഡി.എസ്.ടി കോലാഹലമേടിൽ അന്താരാഷ്ട്ര ക്ഷീര ദിനത്തിന്റെ ഭാഗമായി "ജീവനീയം" എക്സിബിഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. വിവിധ തരം പാൽ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും നടന്നു.
- World Rabies ദിനത്തിന്റെ ഭാഗമായി കുട്ടികൾക്കും, മുതിർന്നവർക്കും വേണ്ടി അവബോധന ക്ലാസുകൾ നടത്തി.
- Renovated Technology Information and Sales Centre (TISC), നവീകരിച്ച സെന്റർ പൂക്കോട് ഉദ്ഘാടനം നടത്തി.
- റാബിസ് അവബോധന ക്ലാസുകൾ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി നടത്തി.
- സർവ്വകലാശലയിൽ ലഹരി വിമുക്ത കേരളത്തിന്റെ ഭാഗമായി സർവ്വകലാശാലയിലെ വിവിധ ക്യാമ്പസ്സുകളിൽ അവബോധന ക്ലാസ് നടന്നു. അതിന്റെ ഭാഗമായി തിരുവിഴാംകുന്ന് സി.എ.എസ്.എം കോളേജിൽ മാരത്തണും ക്വിസ്സ് പ്രോഗ്രാമുകളും സംഘടിപ്പിച്ചു.
- മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഓഫീസർമാർക്ക് Abattoir Management and Meat Inspection-ൽ ട്രെയിനിങ്ങ് പ്രോഗ്രം സംഘടിപ്പിച്ചു.
- World Egg Day celebration- ന്റെ ഭാഗമായി വിവിധ പ്രോഗ്രാമുകൾ തിരുവിഴാംകുന്ന് CASM-ൽ സംഘടിപ്പിച്ചു.
- Dog catchers-ന് പരിശീലനം നൽകുന്ന 5 ദിവസത്തെ ട്രെയിനിങ്ങ് പ്രോഗ്രാം "SHHARP" Academic Staff College, Mannuthy-ൽ നടന്നു.
- World Food Day - 2022 ന്റെ ഭാഗമായി VKIDFT Mannuthy ഗ്രൗണ്ടിൽ (Eat Right Food Zone Expo 2022) എക്സ്പോ സംഘടിപ്പിച്ചു.
- MOOC കോഴ്സസ്-ന്റെ ഭാഗമായി Effective teaching - Hybrid mode-ൽ ട്രെയിനിങ്ങ് പ്രോഗ്രാം മണ്ണൂത്തി അക്കാദമിക് സെല്ലിൽ സംഘടിപ്പിച്ചു.
- മണ്ണൂത്തി കോളേജ് ഗ്രൗണ്ടിൽ "കൃഷി ദർശൻ" പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി Meatstall, Dairy Stall പ്രദർശനം നടന്നു.
- "Butchery Techniques & Hygiene Meat Production" എന്ന 10 ദിവസത്തെ ട്രെയിനിങ്ങ് പ്രോഗ്രാം സി.വി.എ.എസ് മണ്ണൂത്തിയിൽ ഉദ്ഘാടനം ചെയ്തു.
- ഒപ്പം പ്രോഗ്രാമിന്റെ ഭാഗമയി വെള്ളപ്പൻകണ്ടി കോളനിയിലെ കർഷകർക്ക് ആട്ടിൻകൂട് വിതരണവും തീറ്റ വിതരണവും നടത്തി.
- "സ്പർശം" പ്രോഗ്രാമിന്റെ ഭാഗമായി പൊഴുതന ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെച്ച് തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ആട് വളർത്തലിൽ ട്രെയിനിംഗ് നൽകി.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 27/09/2022 - ന് നടന്ന 79-ാമത് ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | കഴിഞ്ഞ യോഗത്തിൽ തെരുവു നായ്ക്കളുടെ ശല്യത്തിനു പരിഹാരം കാണുന്നതിലേക്കായി നടത്തുന്ന പ്രവർത്തനങ്ങൾ സർവ്വകലാശാലാ തലത്തിൽ ശക്തിപ്പെടുത്തുന്നതിനു തിരുമാനി |

| | | |
|---|---|---|
| | | ച്ചിരുന്നു. ആയതിനുപരിയായി വൈത്തിരി ഗ്രാമ പഞ്ചായത്തിനു വേണ്ട എല്ലാ സഹായ വും സർവ്വകലാശാലയുടെ ഭാഗത്തു നിന്നും നൽകുന്നതിനു കൂടി തീരുമാനിക്കണമെന്ന് ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. അഭി പ്രായപ്പെട്ടു.<br><br>ഈ വിഷയം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് ഭാരവാഹികളും, സർവ്വ കലാശാല ഓഫീസർമാരും, ഭരണസമിതി അംഗം ശ്രീ. തോമസ്. കെ.കെ.-യും പങ്കെ ടുക്കുന്ന ഒരു യോഗം വിളിച്ചു ചേർത്ത് തുടർ നടപടികൾ ആലോചിക്കാവുന്നതാണെന്ന് ചെ യർ അറിയിച്ചു.<br><br>മേൽ പറഞ്ഞിരിക്കുന്ന മാറ്റങ്ങളോടെ മിനിറ്റ്സ് അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ/ഡയറക്ടർ (എന്റർപ്രണർ ഷിപ്പ്)* |
| 1.2 | 27/09/2022 – ന് നടന്ന 79-ാമത് ഭരണസമിതി യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.3 | GA/A6 - Permission for teaching staff to go abroad on personal grounds - Granted - reporting – Reg. | Noted<br><br>*Action: Registrar* |
| 1.4 | GA/A1- Permission for teaching staff to go abroad on personal grounds – Granted – Reporting – Reg. | Noted<br><br>*Action: Registrar* |
| 1.5 | GA/A1 - Permission for teaching staff to go abroad on personal grounds - Granted reporting – Reg. | Noted<br><br>*Action: Registrar* |
| 1.6 | GA/A1 - Permission for teaching staff to go abroad on official purpose – Granted – Reporting – Reg. | Noted<br><br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 2.1 | DAR - Academic Programmes – Approval of result-Reg. | Approved and recommended to the Management Council.<br><br>*Action: DAR* |
| 3.1 | GA/A6 – Promotion under Career Advancement Scheme 2022 – Screening & Interview Conducted – Report for approval – Reg. | Approved.<br><br>*Action: Registrar* |
| 3.2 | GA/A1 - Dr. K Vijayakumar, Dean, CVAS, Mannuthy Commuted leave for 41 days - Ratification – Reg. | Approved.<br><br>*Action: Registrar* |
| 3.3 | പൊതുഭരണം/ എ2 – സർവ്വകലാശാലയിലെ അനധ്യാപക തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്. | അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ ക്രമ നം.1 മുതൽ 5 വരെയുള്ള തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യുന്നതിനു തീരുമാനിച്ചു. ക്രമ നം. 6-ൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയുടെ കാര്യത്തിൽ 79-ാമത് ഭരണസമിതിയുടെ തീരുമാനപ്രകാരം ആഭ്യന്തര നിയമനം നൽകിയിട്ടുള്ളത് എതു വിഭാഗത്തിൽ നിന്നും കുറവു ചെയ്യണം എന്ന വിഷയത്തിൽ സർക്കാരിൽ നിന്നും വ്യക്തത തേടിയിട്ടുള്ളതിന്റെ മറുപടി ലഭ്യമായ ശേഷം പ്രൊപ്പോസൽ തുടർന്നു വരുന്ന ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിനു യോഗം നിർദ്ദേശിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.4 | പൊതുഭരണം – സർവ്വകലാശാലയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് - സംബന്ധിച്ച്. | വിഷയത്തിൽ വിശദമായ ചർച്ച നടത്തുകയും ഫിനാൻസ് ഓഫീസറുടെ അഭിപ്രായവും ലോ ഓഫീസറുടെ നിയമോപദേശവും ലഭ്യമാക്കിയ ശേഷം പിന്നീട് പരിഗണിക്കുന്നതിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.5 | GA/A6 - Selection to the post of Assistant Professors to various faculties – 2nd NCA Approval of Rank List – Reg. | Approved.<br><br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 5.1 | ഐ.ഡി.ഡബ്ല്യു - പ്ലാൻ 2022 - 23 വർക്ക്സ് – " Establishment and operation of Learning cum Business Incubation Centre at Base farm Kolahalamedu" പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്. | അനുമതി നൽകിയ നടപടി സാധൂകരിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)* |
| 5.2 | ഐ.ഡി.ഡബ്ല്യു - പ്ലാൻ 2022 - 23 വർക്ക്സ് – "Vertical Expansion of VKIDFT– Setting up of an Auditorium in the Second floor at KVASU, Mannnuthy" – പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയത് - സാധൂകരിക്കുന്നത് - സംബന്ധിച്ച്. | അനുമതി നൽകിയ നടപടി സാധൂകരിച്ചു.<br><br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)* |
| 6.1 | ധനകാര്യ വിഭാഗം - ഫണ്ട്സ് - 11-ാം ശമ്പള പരിഷ്കരണം - തൊഴിലാളി വിഭാഗം - സർവ്വകലാശാലയുടെ കീഴിലെ സ്ഥിരം, കാഷ്വൽ തൊഴിലാ ളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച നടപടി - സാധൂകരണം - സംബന്ധിച്ച്. | നടപടി സാധൂകരിച്ച് അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ/ ലേബർ ഓഫീസർ* |
| 6.2 | ധനകാര്യവിഭാഗം - പെൻഷൻ - 11-ാം പെൻഷൻ പരിഷ്കരണം - തൊഴി ലാളി വിഭാഗം - അനുമതി ലഭ്യമാക്കു ന്നത് - സംബന്ധിച്ച്. | നടപടി സാധൂകരിച്ച് അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ/ ലേബർ ഓഫീസർ* |
| 6.3 | ധനകാര്യവിഭാഗം - പെൻഷൻ - തസ്തിക പുനർക്രമീകരണം - സർക്കാർ അംഗീകാരം ലഭ്യമായത് - 40% ഡി.സി.ആർ.ജി തുക വിതരണം ചെയ്യുന്നത് - അനുമതി ലഭ്യമാക്കു ന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.4 | ധനകാര്യ വിഭാഗം - വിരമിച്ച ജീവന ക്കാരുടെ പിടിച്ചുവെച്ച 40% ഡി.സി. ആർ.ജി തുക പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്നത് - അനുമതി - സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

| പ്രധാന അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ | | |
|---|---|---|
| **ഇനം നമ്പർ** | **വിഷയം** | **തീരുമാനം** |
| OA: 1 | DAR - Request of BVSc & AH, 2018 admission students for the extension for remitting second instalment of fees for 4th year – ratification - Reg. | Ratified.<br><br>*Action: DAR* |
| OA: 2 | പൊതുഭരണം/എ2 – കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വെറ്ററിനറി സർവ്വകലാശാലയ്ക്ക് കൈമാറിയ 486 തസ്തികകൾ ഭരണസമിതിയുടെ അംഗീകാരത്തോടെ പുനഃക്രമീകരണം ചെയ്ത സർവകലാശാല നടപടി സാധൂകരിച്ചു കൊണ്ടുള്ള ഗവണ്മെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങളും ഉദ്യോഗ ക്കയറ്റങ്ങളും ക്രമീകരിക്കുന്നത് – സംബന്ധിച്ച്. | ക്രമീകരണം സാധൂകരിച്ചു.<br><br>തസ്തിക പുനക്രമീകരണം മൂലം ചില സ്റ്റേഷനുകൾക്ക് ആവശ്യമായ തസ്തികകളുടെ കുറവ് വന്നിട്ടുണ്ട് എന്ന പരാതി ചില സ്റ്റേഷൻ മേധാവികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തസ്തിക പുനക്രമീകരണം വഴി കുറവു വന്നിട്ടുള്ളതായിട്ടുള്ള ഇത്തരം തസ്തികകൾ, അംഗീകരിച്ചു കിട്ടിയിട്ടുള്ള 486 തസ്തികകൾക്കുള്ളിൽ നിന്നു എങ്ങനെ ക്രമീകരിക്കാമെന്നത് അനധ്യാപക സംഘടനകളുമായി ചർച്ച ചെയ്തു, ആയതിന്റെ ഒരു പ്രൊപ്പോസൽ ഭരണസമിതിയിൽ സമർപ്പിക്കാൻ തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേ നടന്ന ചർച്ചകളും തീരുമാനങ്ങളും:**

1. അധ്യാപകരുടെ സർവ്വീസ് സംബന്ധമായ പരാതികൾ പരിഗണിക്കുന്നതിലേക്കായി അടിയന്തിരമായി ഗ്രീവൻസ് കമ്മറ്റി ചേർന്നു പരിഹാരം കാണുന്നതിലുള്ള നടപടികൾ സ്വീകരിക്കണമെന്നു ബഹു. അംഗം ഡോ. സജിത്ത് പുരുഷോത്തമൻ ആവശ്യപ്പെട്ടു. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ചെയർ അറിയിച്ചു.
   *നടപടി: രജിസ്ട്രാർ*
2. പൂക്കോട് ക്യാമ്പസ്സിനകത്തുള്ള സെയിൽസ് സെന്ററിന്റെ പ്രവർത്തനം വളരെ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെന്നും, അതുപോലെ തന്നെ കൽപ്പറ്റ കളക്ട്രേറ്റിനുള്ളിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ അടഞ്ഞു കിടക്കുന്നതുമായ സെയിൽസ് സെന്റർ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നു ബഹു. അംഗം ശ്രീ. തോമസ്. കെ.കെ. ആവശ്യപ്പെട്ടു. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.
   *നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്പ്)*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 12.15 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(08-12-2022 തീയതിയിൽ അംഗീകരിച്ചു.)*

**//True copy//**

**SECTION OFFICER - GA/B Section**